**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5188** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി ഇടുക്കി ജില്ലയിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു; മണ്ഡലം തിരിച്ച് വിശദാംശം നൽകാമോ; | (എ) | കോവിഡ് ബാധിച്ച മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ ഇടുക്കി ജില്ലയിൽ നിന്നും 1499 അപേക്ഷകൾ ലഭിച്ചു. ഇതിൽ 1453 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിൽ 32 എണ്ണത്തിൽ നടപടി സ്വീകരിച്ചു വരുന്നു. 14 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. കണക്കുകൾ മണ്ഡലം തിരിച്ച് ലഭ്യമല്ല. താലൂക്ക് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br><br>ഉടുമ്പഞ്ചോല - 289,<br><br>തൊടുപുഴ - 475,<br><br>ഇടുക്കി - 271,<br><br>പീരുമേട് - 235,<br><br>ദേവികുളം - 183 |
| (ബി) | വിദേശത്ത് ജോലിയിലിരിക്കെ കോവിഡ് മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് പ്രസ്തുത ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ളത്; എത്ര പേരുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ചു; വിശദാംശം നൽകാമോ? | (ബി) | വിദേശത്ത് ജോലിയിലിരിക്കെ കോവിഡ് മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ തിരികെയെത്തിയ പ്രവാസികളുടെ ആശ്രിതർക്കായി നോർക്ക-റൂട്ട്സ് മുഖേന സർക്കാർ നടപ്പിലാക്കി വരുന്ന സാന്ത്വന ധനസഹായ പദ്ധതി മുഖേന ഇടുക്കി ജില്ലയിൽ നിന്നും 14 പേർ മരണാനന്തര ധനസഹായത്തിനു അപേക്ഷിച്ചിട്ടുണ്ട്. ആയതിൽ 6 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചു. പ്രസ്തുത അപേക്ഷകരിൽ ഒരു അപേക്ഷകയുടെ ഭർത്താവ് വിദേശത്ത് കോവിഡ് ബാധിച്ചു മരണപ്പെടുകയുണ്ടായി. ടിയാളുടെ ആശ്രിതർക്ക് മരണാനന്തരധനസഹായം അനുവദിക്കുകയും വിതരണം ചെയ്യുകയുമുണ്ടായി. |

| | | | |
|---|---|---|---|
| | | | കോവിഡ് ബാധിച്ച് മരണപ്പെട്ട പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് ധനസഹായം നൽകുന്ന പദ്ധതിയായ പ്രവാസി തണൽ പദ്ധതി മുഖേന 2 അപേക്ഷകർ ഇടുക്കി ജില്ലയിൽ നിന്നും അപേക്ഷിക്കുകയും 2 പേർക്കും ധനസഹായം അനുവദിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ